## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.138 | 21/1/2014- ൽ മറുപടിയ്ക്ക്

# നിരോധിക്കപ്പെട്ട കളനാശിനികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, പി.തിലോത്തമൻ<br>,, ജി.എസ്. ജയലാൽ<br>,, കെ.രാജു | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന കളനാശിനികൾ ഏതെല്ലാം; ഇവയിൽ ആരോഗ്യത്തിന് ഹാനികരമായ കളനാശിനികളുണ്ടോ; എങ്കിൽ അവ ഏതെല്ലാം; | (എ) | സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന കളനാശിനികൾ പ്രധാനമായും താഴെ പറയുന്നവയാണ്.<br>1. ഗ്ലൈഫോസേറ്റ്<br>2. 2,4 ഡി സോഡിയം സാൾട്ട്<br>3. ബ്യൂട്ടാക്ലോർ<br>4. ഡൈയൂറോൺ<br>5. പ്രെറ്റിലാക്ലോർ<br>6. ഓക്സിഫ്ളോർഫെൻ<br>7. ബൈസ്പൈറിബാക്ക് സോഡിയം<br>ശുപാർശ ചെയ്യുന്ന അളവിലും ഡോസിലും കൂടുതലായി ഇവ ഉപയോഗിക്കുന്ന പക്ഷം ഇവ ആരോഗ്യത്തിന് ഹാനികരമായേക്കാം. |
| (ബി) | എൻഡോസൾഫാനോടൊപ്പം സംസ്ഥാനത്ത് നിരോധിച്ച കളനാശിനികളുണ്ടോ; എങ്കിൽ അവ ഏതെല്ലാം; | (ബി) | ഉണ്ട്.<br>അനിലോഫോസ്, പാരക്വാറ്റ്, തയോബൻ കാർബ്, അട്രാസിൻ എന്നീ കളനാശിനികൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. |
| (സി) | ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന കളനാശിനികൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (സി) | സർക്കാരിന്റെ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ 116/2011/കൃഷി തീയതി 07/05/2011 പ്രകാരം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നതായി കണ്ടെത്തിയ അനിലോഫോസ്, പാരക്വാറ്റ്, തയോബൻകാർബ്, അട്രാസിൻ എന്നീ കളനാശിനികളുടെ സംഭരണം, വിതരണം, |

ഉപയോഗം എന്നിവ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. കൂടാതെ കീടനാശിനികൾ/ കളനാശിനികൾ എന്നിവയുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) നമ്പർ 22/2011/കൃഷി തീയതി 17/01/2011 പ്രകാരം ഏർപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**